# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.849 12.12.2012-ൽ മറുപടിയ്ക്ക്

### മഴവെള്ള കൊയ്ത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, ലൂഡി ലൂയിസ്<br>,, ആർ. സെൽവരാജ്<br>,, ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | മഴവെള്ള കൊയ്ത്ത് ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ; | (എ) | മഴവെള്ള സംഭരണത്തിനും ഭൂജല പരിപോഷണ പ്രവർത്തനങ്ങൾക്കുമായി 2012-13 വർഷത്തിലെ ബഡ്ജറ്റിൽ 12.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി ടെന്റർ നടപടി പൂർത്തീകരിച്ച് സഹായ സംഘടനകളെ തെര ഞ്ഞെടുത്തിട്ടുണ്ട്. മാർച്ച് 2013 നകം ആറ് പഞ്ചായത്തുകളിൽ 2170 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. |
| (ബി) | മഴവെള്ള സംഭരണ പ്രചരണം നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോയെന്നും ഇതിനുള്ള പരിശീലനം നൽകാൻ എന്തൊക്കെ നടപടി എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | മഴവെള്ള സംഭരണ പ്രചാരണം നടത്തുന്നതിന് ജലവിഭവ വകുപ്പിലെ സി.സി.ഡി.യു വിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാന തല ജാഥ സംഘടിപ്പിക്കുകയും മഴ വെള്ള കൊയ്ത്തിനെ സംബന്ധിച്ചുള്ള വിവരങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ ജലനിധി പരിശീലന വിഭാഗവും മഴവെള്ള കേന്ദ്രവും സംയുക്തമായി ചേർന്ന് വിവിധ തരം പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?. | (സി) | മഴവെള്ളക്കൊയ്ത്ത് പദ്ധതി താഴെപ്പറയുന്ന എൻ.ജി.ഒ കൾ മുഖേനയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.<br>സോളിഡാരിറ്റി മൂവ് മെന്റ്<br>ഗാന്ധിജി സ്റ്റഡി സെന്റർ<br>കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി<br>SEUF തിരുവനന്തപുരം<br>അന്ത്യോദയ<br>റൂറൽ ഇന്റഗ്രേറ്റഡ് ഡെവലപ് മെന്റ് സൊസൈറ്റി |

സെക്ഷൻ ഓഫീസർ